# GOVERNMENT OF KERALA

## Abstract

Transport Department– Kochi Metro Rail Project– Preparatory works of the new Metro Line from Jawaharlal Nehru Stadium to Kakkanad via Infopark– Revised Administrative Sanction- Accorded- Orders issued.

## TRANSPORT (C) DEPARTMENT

G.O.(Ms)No.28/2022/TRANS Dated,Thiruvananthapuram, 04-06-2022

Read: 1) G.O.(Ms.)No.13/2016/Trans dated 08.02.2016.

2) G.O.(Ms.)No.54/2017/Trans dated 02.06.2017.

3) G.O.(Ms.)No.31/2019/Trans dated 28.06.2019.

4) Letter No.KMRL/PRJ/GMP/471/2021/1413 dated 13.09.2021 from the Director (Projects), Kochi Metro Rail Limited.

5) Letter No.C.12-43/20 dated 11.11.2021 from the District Collector, Ernakulam

6) Letter No.KMRL/PRJ/CMP/471/2021/1735 dated 24.02.2022 from the Director (Systems), Kochi Metro Rail Limited.

## ORDER

As per the Government Order read as 1st paper above, administrative sanction was accorded for an amount of Rs.189 Crore, for the preparatory works of the new metro line of the Kochi Metro Rail Project Phase-II from Jawaharlal Nehru Stadium (JLN Stadium) to Kakkanad via Infopark. Out of the said amount, the amount estimated for land acquisition was Rs.135.72 Crore (LA Cost 11572 Lakh + Structural Cost 400 Lakh + R&R Cost 1600 Lakh = 13572 Lakh). As per the Government Order read as 2nd paper above, administrative sanction was accorded for acquiring an extent of 2.8603 hectares of land from Palarivattom to Kakkanad via Infopark under various survey numbers in three Villages viz., Edappally South, Vazhakkala and Kakkanad of Kanayannur Taluk in Ernakulam district. Later, as per the Government Order read as 3rd paper above, administrative sanction was accorded for acquiring an extent of 0.5835 hectares of land in Poonithura Village of Kanayannur Taluk in Ernakulam district upon finalization of the alignment & interconnection of Phase-I and Phase-II at JLN Stadium Metro Station.

2) A time lapse of six years (2015-21) occurred between the initial proposal and actual land possession, resulting in a cost escalation of Rs.83.61 Crore in land value. As per

the letter, read as 4th paper above, the Director (Projects), Kochi Metro Rail Limited (KMRL), has requested to revise the present administrative sanction amount of Rs.189 Crore to Rs.332 Crore by including the additional amount of Rs.83.61 Crore, required for land acquisition and also the additional amount of Rs.56.18 Crore, required for Utility Shifting in connection with Kerala State Electricity Board Ltd. (KSEB), Kerala Water Authority (KWA) and Bharat Sanchar Nigam Limited (BSNL), in addition to other expenses.

3) As per the letter read as 5th paper above, the District Collector, Ernakulam, has furnished the details regarding the total extent of land to be acquired and the amount required for the acquisition, as follows:

| Sl. No. | Village | Total Extent Area (in Hectares) | Amount (Rupees) |
|---|---|---|---|
| 1 | Edappally South & Vazhakkala | 1.8182 | 1,82,55,41,142/- |
| 2 | Kakkanad | 0.1985 | 15,75,00,000/- |
| 3 | Poonithura (JLN Stadium to Palarivattom) | 0.5245 | 39,94,87,838/- |
| **Grand Total** | | | **2,38,25,28,980/-** |

4) The District Collector, Ernakulam, has reported that only the land value has been included in the case of Poonithura Village for the extent from JLN Stadium to Palarivattom. Additional value of 12%, Structure value, Tree value, Rehabilitation and Resettlement (RR) package have not been included in it.

5) The administrative sanction for the project was accorded, on 08.02.2016, vide the Government Order read as 1st paper above. The draft declaration for land acquisition was issued only on 17.06.2020. As per letter read as 6th paper above, the Director (Systems), KMRL, informed that the detailed estimates from KSEB, KWA and BSNL, for Utility shifting (both as per DSR 2018 rates and otherwise), are yet to be finalised and also informed that the last date fixed by Government for awarding compensation is on 16.06.2022, failing which, the entire process will become 'de novo'.

6) Government have examined the matter in detail and are pleased to accord revised administrative sanction for an amount of Rs.2,91,53,28,980/- (Rupees Two Hundred and Ninety One Crore Fifty Three Lakh Twenty Eight Thousand Nine Hundred and Eighty Only) by including the amount of Rs.1,02,53,28,980/- (Rupees One Hundred and Two Crore Fifty Three Lakh Twenty Eight Thousand Nine Hundred and Eighty only) [2,38,25,28,980/- (-) 135,72,00,000/- = 102,53,28,980/-] now required additionally for the

land acquisition, in connection with the new Metro Line from Jawaharlal Nehru Stadium to Kakkanad via Infopark, as part of the preparatory works of the Phase-II of the Kochi Metro Rail Project.

| Sl. No. | Particulars | Amount (Rs.) |
|---|---|---|
| a. | Amount required for Land Acquisition at present | 2,38,25,28,980/- |
| b. | Amount sanctioned for Land Acquisition | 1,35,72,00,000/- |
| c. | Additional amount required for Land Acquisition (c = a – b) | 1,02,53,28,980/- |
| d. | Total amount sanctioned as per administrative sanction | 1,89,00,00,000/- |
| e. | Amount for which revised administrative sanction is to be given (e = c + d) | 2,91,53,28,980/- |

7) The Managing Director, Kochi Metro Rail Limited (KMRL) will take timely steps to furnish the detailed estimates for utility shifting by KSEB, KWA and BSNL.

(By order of the Governor)
K R JYOTHILAL
PRINCIPAL SECRETARY

To:
The Managing Director, Kochi Metro Rail Limited.
The Principal Accountant General (A&E/Audit), Kerala, Thiruvananthapuram.
The District Collector, Ernakulam.
General Administration (SC) Department (vide item No.700 dated 06.05.2022).
Finance (I&PW-A) Department (No. 1942562/I&PW-A1/21-Fin).
Planning and Economic Affairs (A) Department.
The Information Officer, Web & New Media, I&PR Department.
Stock File (Trans-C2/84/2021-Trans).
Office Copy.

Forwarded /By order
**Signed by Anju P K**
**Date: 06-06-2022 12:03:28**

Section Officer

33

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-05-2022

ഫയൽ നം. ഗതാ-സി2/84/2021-ഗതാ. ഇനം നം: 700

60)

വിഷയം : ഗതാഗത വകുപ്പ് - കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നത്.

61)

തീരുമാനം : കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

07/05/22

23

700

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഗതാ-സി2/84/2021-ഗതാ |
| 2. | വകുപ്പ് | : | ഗതാഗത (സി) വകുപ്പ് |
| 3. | വിഷയം | : | ഗതാഗത വകുപ്പ് - കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23/03/2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിനോദ് കെ. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ആർ. ജ്യോതിലാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/04/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/04/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/04/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/05/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

25/

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

49) കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായി, ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വഴി കാക്കനാട് വരെ, ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക അനുവദിച്ച് പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

50) 2) ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വഴി കാക്കനാട് വരെയുള്ള രണ്ടാം ഘട്ട മെട്രോ പാതയുടെ പ്രാരംഭ പ്രവൃത്തികൾക്ക്, 08.02.2016-ലെ സ.ഉ.(കൈ.)നം.13/2016/ഗതാ പ്രകാരം, 189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി 189 കോടി രൂപയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ആകെ ചെലവ് 135.72 കോടി (LA cost 11572 Lakh + Structural cost 400 Lakh + R&R cost 1600 Lakh = 13572 Lakh) രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തുടർന്ന്, പാലാരിവട്ടം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെ, ഇടപ്പള്ളി സൗത്ത്, വാഴക്കാല, കണയന്നൂർ താലൂക്കിലെ കാക്കനാട് എന്നിവിടങ്ങളിലെ വിവിധ സർവേ നമ്പരുകളിലായി, 2.8603 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്, 02.06.2017-ലെ സ.ഉ.(കൈ.)നം.54/2017/ഗതാ പ്രകാരം, ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിയായ ജെ.എൽ.എൻ. സ്റ്റേഡിയം മെട്രോ സ്റ്റേഷൻ, ഒന്നാം ഘട്ട പാതയുമായി സംയോജിപ്പിക്കുന്നതിനായി പൂണിത്തുറ വില്ലേജിലെ 0.5835 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്,. 28.06.2019-ലെ സ.ഉ.(കൈ.)നം.31/2019/ഗതാ പ്രകാരം, ഭരണാനുമതി നൽകിയിരുന്നു.

51) 3) പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് മുതൽ സ്ഥലം ഏറ്റെടുക്കുന്നത് വരെ ആറ് വർഷത്തെ (2015-2021) കാലവിളംബം വന്നതിനാൽ ഭൂമിയുടെ വിലയിൽ 83.61 കോടി രൂപയുടെയും, KSEB Ltd., Kerala Water Authority, BSNL തുടങ്ങിയവയുമായി ബന്ധപ്പെട്ട Utility shifting-ന് 56.18 കോടി രൂപയുടെയും അധിക വർദ്ധനവ് വന്നിട്ടുണ്ടെന്നും, കൂടാതെ, മറ്റ് ഇനങ്ങൾക്കും തുക ആവശ്യമുണ്ടെന്നും ആയതിനാൽ, ആദ്യ ഭരണാനുമതി തുകയായ 189 കോടി രൂപ പുതുക്കി 332 കോടി രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി നൽകണമെന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

21

52) (4) തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതിൽ ഏറ്റെടുക്കേണ്ട ഭൂമിയെ സംബന്ധിച്ച് ചുവടെപ്പറയുന്ന വിശദാംശം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വില്ലേജ് | ആകെ എക്സ്റ്റന്റ് വിസ്തീർണ്ണം (ഹെക്ടറിൽ) | തുക (രൂപ) |
|---|---|---|---|
| 1 | ഇടപ്പള്ളി സൗത്ത് & വാഴക്കാല | 1.8182 | 1,82,55,41,142/- |
| 2 | കാക്കനാട് | 0.1985 | 15,75,00,000/- |
| 3 | പൂണിത്തുറ (ജെ.എൽ.എൻ സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെ) | 0.5245 | 39,94,87,838/- |
| **ആകെ തുക** | | | **2,38,25,28,980/-** |

53) (5) പൂണിത്തുറ വില്ലേജ് ജെ.എൽ.എൻ സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെ ലാന്റ് വാല്യൂ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 12% അഡീഷണൽ വാല്യൂ, സ്ട്രക്ചർ വാല്യൂ, ട്രീ വാല്യൂ, ആർ & ആർ പാക്കേജ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

54) (6) ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന് അയച്ചതിൽ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്;

"Finance Department agrees the proposal for LA cost proposed by the District Collector, Ernakulam @ Rs.238,25.29 lacs and direct administrative department to forward the detailed estimates for utility shifting by KSEB/KWA and BSNL."

55) (7) തുടർന്ന്, utility shifting-ന് ആവശ്യമായ തുക സംബന്ധിച്ച് KSEB, BSNL, KWA എന്നിവിടങ്ങളിൽ നിന്നുള്ള detailed estimates (DSR 2018 പ്രകാരവും അല്ലാതെയും ഉള്ളത്) ലഭ്യമാക്കുവാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനോട് ആവശ്യപ്പെട്ടതിൽ ആയത് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് 08.02.2016-ലെ സ.ഉ.(കൈ.)നം.13/2016/ഗതാ പ്രകാരം, 189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും, ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷൻ 17.06.2020-ലാണ് പുറത്തിറക്കിയത്.

എന്നാൽ, കോമ്പൻസേഷൻ അവാർഡ് ചെയ്യുന്നതിനുള്ള അവസാന തീയതി 16.06.2022 വരെയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും, പ്രസ്തുത തീയതിക്കുള്ളിൽ അവാർഡ് തുക പാസ്സാക്കുന്നതിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം ഇക്കാര്യത്തിൽ സ്വീകരിച്ച എല്ലാ നടപടികളും 'de novo' ആകുമെന്നും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആദ്യഘട്ടം മുതൽ വീണ്ടും ആരംഭിക്കേണ്ടിവരുമെന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

56) 8) കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായി, ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വഴി കാക്കനാട് വരെ ഭൂമി ഏറ്റെടുക്കുന്നതിന്, 08.02.2016-ലെ സ.ഉ.(കൈ.)നം.13/2016/ഗതാ പ്രകാരം, അനുവദിച്ച തുകയും ഭൂമി ഏറ്റെടുക്കലിനായി അനുവദിക്കേണ്ടുന്ന പുതുക്കിയ തുകയും തമ്മിലുള്ള താരതമ്യ പഠനം ചുവടെ ചേർക്കുന്നു:

| ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ കണക്കാക്കപ്പെട്ടിട്ടുള്ള തുക (1) | ഭൂമി ഏറ്റെടുക്കുന്നതിനായി ഇതിനകം അനുവദിച്ച തുക (2) | ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന അധിക തുക (3) = (1) - (2) | പദ്ധതിക്കായി ഇതിനകം ഭരണാനുമതി നൽകിയ തുക (4) | പദ്ധതിക്കായി പുതുക്കിയ ഭരണാനുമതി നൽകേണ്ട തുക (5) = (3) + (4) |
|---|---|---|---|---|
| 2,38,25,28,980/- | 1,35,72,00,000/- | 1,02,53,28,980/- | 1,89,00,00,000/- | 2,91,53,28,980/- |

57) 9) തുടർന്ന്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിലേക്കായുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തുന്നതിനായി, ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ ആവശ്യമായ തുകയായി 238,25,28,980/- രൂപ (ഇരുന്നൂറ്റി മുപ്പത്തിയെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) അംഗീകരിക്കുന്നത് സംബന്ധിച്ചും 291,53,28,980/- രൂപയുടെ (ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് കോടി അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ചും, ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ അധിക തുക എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കാമോ എന്നത് സംബന്ധിച്ചുമുള്ള ഉത്തരവുകൾക്കായി ഫയൽ സമർപ്പിച്ചതിൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

58) (1) കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭപ്രവൃത്തികൾക്ക്, 08.02.2016-ലെ സ.ഉ.(കൈ.)നം.13/2016/ഗതാ പ്രകാരം നൽകിയ, 189 കോടി രൂപയുടെ ഭരണാനുമതിയിൽ, ജെ.എൽ.എൻ സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വഴി കാക്കനാട് വരെ ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരുത്തിയ 135,72,00,000/- രൂപ (നൂറ്റി മുപ്പത്തിയഞ്ച് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം) (LA Cost 11572 ലക്ഷം + Structural Cost : 400 ലക്ഷം + R&R Cost : 1600 ലക്ഷം = 13572 ലക്ഷം), ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള തുകയായ 238,25,28,980 രൂപയായി (ഇരുന്നൂറ്റി മുപ്പത്തിയെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) വർദ്ധിപ്പിക്കാമോ;

59) (2) പദ്ധതിയുടെ ആദ്യഭരണാനുമതി തുകയായ 189,00,00,000/- (നൂറ്റി എൺപത്തി ഒൻപത് കോടി രൂപ മാത്രം) രൂപയോടൊപ്പം, ഭൂമി ഏറ്റെടുക്കുന്നതിന് വിവിധ കാരണങ്ങളാൽ നിലവിൽ അധികമായി ആവശ്യം വരുന്ന 102,53,28,980/- രൂപ (നൂറ്റിരണ്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) (238,25,28,980/- - 135,72,00,000/- = 102,53,28,980/-) കൂടി ചേർത്ത് 291,53,28,980/- രൂപയുടെ (ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് കോടി അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ടുള്ള പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കാമോ ?